# കേരളസർവകലാശാല

നം.പി.ആർ.246/2023 തിരുവനന്തപുരം, തീയതി: 23/11/2023

## പത്രക്കുറിപ്പ്

### പരീക്ഷ വിജ്ഞാപനം

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.സി.റ്റി./ബി.എച്ച്.എം.) (2018 സ്കീം) റെഗുലർ – 2022 അഡ്മിഷൻ, സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2018 - 2020 അഡ്മിഷൻ, (2014 സ്കീം) സപ്ലിമെന്ററി – 2015 - 2017 അഡ്മിഷൻ, നാലാം സെമസ്റ്റർ (2018 സ്കീം) റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018 - 2019 അഡ്മിഷൻ, (2014 സ്കീം) സപ്ലിമെന്ററി – 2015 - 2017 അഡ്മിഷൻ, ഡിസംബർ 2023 ഡിഗ്രി പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ 2023 നവംബർ 27 വരെയും 150 രൂപ പിഴയോടെ നവംബർ 30 വരെയും 400 രൂപ പിഴയോടെ ഡിസംബർ 2 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സ്പോട്ട് അഡ്മിഷൻ/സീറ്റൊഴിവ്

കേരളസർവകലാശാലയുടെ കീഴിൽ ആരംഭിച്ച നാല് വർഷ പ്രോഗ്രാമായ ബി.എ. ഓണേഴ്സ് (പൊളിറ്റിക്സ് & ഇന്റർനാഷണൽ റിലേഷൻസ്/ഇക്കണോമിക്സ്/ഹിസ്റ്ററി) വിത്ത് റിസർച്ച് 2023-2024 അധ്യയന വർഷത്തെ അഡ്മിഷന് ഒരു ST സീറ്റൊഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2023 നവംബർ 27 ന് രാവിലെ 10 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളുമായി കാര്യവട്ടം ക്യാമ്പസ്സിലെ പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. സൈക്കോളജി/കൗൺസിലിംഗ് സൈക്കോളജി (റെഗുലർ/സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 ഡിസംബർ 2 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് റെഗുലർ വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി വിദ്യാർത്ഥികൾ exams.keralauniversity.ac.in മുഖേനയും ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. റെഗുലർ വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം 2023 ഫെബ്രുവരിയിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ എം.കോം. ഫിനാൻസ് (റെഗുലർ – 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018 & 2019 അഡ്മിഷൻ, മേഴ്സി ചാൻസ് – 2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 ഡിസംബർ 4 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വൈവാ-വോസി

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക് (ബി.എസ്.ഡബ്ല്യൂ.) (315) സെപ്റ്റംബർ 2023 പരീക്ഷയുടെ വൈവാ-വോസി നവംബർ 30 മുതൽ അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. ടൈംടേബിൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2023 ഡിസംബർ 15 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എഫ്.എ. (പെയിന്റിംഗ്, സ്കൾപ്ച്ചർ), ഡിസംബർ 2023 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2023 ഡിസംബർ 6 ന് ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ജർമ്മൻ, ഡിസംബർ 7 ന് ആരംഭിക്കുന്ന ഡിപ്ലോമ ഇൻ ജർമ്മൻ എന്നീ പരീക്ഷകൾക്ക് പിഴകൂടാതെ 2023 നവംബർ 27 വരെയും 150 രൂപ പിഴയോടെ നവംബർ 29 വരെയും 400 രൂപ പിഴയോടെ ഡിസംബർ 1 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)


**E-mail:**For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on*9188526670, 9188526671, 9188526674, 9188526675
**Whats App No.** 8547330240